LIBRARY ARCHIVES Kerala Legislative Assembly

### ടാർ ലഭ്യമാക്കാൻ നടപടി

*6 [609] *ശ്രീ. വി. ജെ. പൗലോസ്:*
,, *ബി. വിജയകുമാർ:*
,, *വി. ഡി. സതീശൻ:*
,, *എം. എം. ഹസ്സൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് വകുപ്പിന്റെ റോഡു പണിക്ക് പ്രതിവർഷം എന്തു തുകയുടെ ടാർ വേണ്ടിവരുമെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ടാർ എവിടെ നിന്നാണ് വാങ്ങുന്നത്;

(സി) 2004 ഡിസംബർ 15-ാം തീയതിയിലെ കണക്ക് പ്രകാരം ടാർ സപ്ലൈ ചെയ്ത വകയിൽ എന്തു തുക കൊടുത്തു തീർക്കുവാനുണ്ട്;

(ഡി) ഈ തുക നൽകാത്തതിനാൽ 2004 ഡിസംബർ മുതൽ ടാർ സപ്ലൈ ചെയ്യുന്നത് നിർത്തിവച്ചിട്ടുണ്ടോ?

മരാമത്തു വകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ):*

(എ) 65 കോടി രൂപയുടെ ടാർ റോഡു വിഭാഗത്തിലും 25 കോടി രൂപയുടെ ടാർ ദേശീയപാത വിഭാഗത്തിലും വേണ്ടിവരും.

(ബി) കൊച്ചിൻ റിഫൈനറി (കെ.ആർ.എൽ), ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം ലിമിറ്റഡ് എന്നിവിടങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്.

(സി) പാതകളും പാലങ്ങളും വിഭാഗത്തിൽ 64.03 കോടി രൂപ കൊടുത്തു തീർക്കുവാനുണ്ട്. ദേശീയപാത വിഭാഗത്തിൽ തുകയൊന്നും കൊടുത്തു തീർക്കുവാനില്ല.

(ഡി) ഇല്ല.

### റീസർവ്വെ പുരോഗതി

*7 [610] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*
*ശ്രീ. വി. കെ. സി. മമ്മത് കോയ:*
,, *വി. കെ. ചന്ദ്രൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) എത്ര വില്ലേജുകളിലെ റീസർവ്വേ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്;

(സി) എത്ര വില്ലേജുകളിലാണ് റീസർവ്വേ പ്രവർത്തനം ഇനിയും ആരംഭിക്കാനുള്ളത്;

(ഡി) റീസർവ്വേ പ്രവർത്തനത്തിനായി ഇതുവരെ എന്ത് തുക ചെലവായിട്ടുണ്ട്;

(ഇ) റീസർവ്വേ പ്രവർത്തനത്തിനായി ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടോ;

(എഫ്) സർവ്വേ പൂർത്തികരിച്ച വില്ലേജുകളുടെ സർവ്വേ മാപ്പുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*:

(എ) സംസ്ഥാനത്ത് 24242.11 ച.കി.മീ. സ്ഥലം റീസർവ്വേ ചെയ്തു കഴിഞ്ഞിട്ടുണ്ട്.

(ബി) 703 വില്ലേജുകളിൽ

(സി) 771 വില്ലേജുകളിൽ

(ഡി) 37,092.03 ലക്ഷം രൂപ

(ഇ) ഉണ്ട്. ആധുനിക ഉപകരണങ്ങളായ ടോട്ടൽ സ്റ്റേഷൻ, ജി. പി. എസ്., കമ്പ്യൂട്ടർ, സോഫ്റ്റ് വെയർ എന്നിവ ഉപയോഗിക്കുന്നുണ്ട്.

(എഫ്) ഉണ്ട്.

**നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി**

*8 [611] *ശ്രീ. എ. സുജനപാൽ:*
,, *എം. എം. ഹസ്സൻ:*
,, *വർക്കല കഹാർ:*
*ഡോ. എം. എ. കുട്ടപ്പൻ:*
*ശ്രീമതി ശോഭനാ ജോർജ്:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത സമയത്ത് പൂർത്തിയാകാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്നറിയിക്കുമോ;

(സി) സമയബന്ധിതമായി പണി തീർക്കാത്തപക്ഷം ബന്ധപ്പെട്ട കോൺട്രാക്ടർമാർ പിഴയടക്കണമെന്ന വ്യവസ്ഥ കരാറുകളിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly